ശ്രീ. കെ.എം. മാണി : സർ, ഇതുവരെ ചർച്ചചെയ്തിട്ടും അതിന് ഒരു പരിഹാരമുണ്ടായില്ല. ഇതുവരെ റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് ഗവൺമെന്റ് ഒരു ചെറുവിരൽപോലും അനക്കിയിട്ടില്ല. റബ്ബർ കൃഷിക്കാർ ..... (ബഹളം) .....

II. ശ്രദ്ധക്ഷണിക്കൽ

(1) വൈദ്യുതിനിരക്ക് വർദ്ധനവുമൂലം ചെറുകിട-കുടിൽ വ്യവസായ യൂണിറ്റുകൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി.ജെ. ജോയി : സർ, വൈദ്യുതിനിരക്ക് വർദ്ധനവുമൂലം സംസ്ഥാനത്തെ ചെറുകിട-കുടിൽവ്യവസായ യൂണിറ്റുകളും എൻജിനീയറിംഗ് യൂണിറ്റുകളും അനുഭവിക്കുന്ന ഗുരുതരമായ ബുദ്ധിമുട്ടുകൾ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന് ഒരു പരിഹാരം ഉണ്ടാകണം. വളരെ ഗുരുതരമായ സ്ഥിതിയാണ് ചെറുകിട വ്യവസായ മേഖലയിലുള്ള ആളുകൾ ഇന്ന് നേരിടുന്നത്. ഇത് നമ്മുടെ നാട്ടിലെ തൊഴിലവസരങ്ങൾ ഇല്ലാതാക്കാനും അതുവഴി പട്ടിണിയും ദുരിതവും വർദ്ധിപ്പിക്കാനും ഇടവരുത്തുമെന്നുള്ള കാര്യം ഞാൻ പറഞ്ഞറിയിക്കേണ്ട കാര്യമില്ല. വിദ്യുച്ഛക്തി നിരക്ക് വർദ്ധനവ് റദ്ദ് ചെയ്തേ മതിയാകൂ. ചെറുകിട കുടിൽവ്യവസായ യൂണിറ്റുകളൊക്കെ ഇന്ന് അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ ചെറുകിട വ്യവസായങ്ങൾ നടക്കുന്നതായും വർഷംതോറും ആയിരക്കണക്കിന് ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതായും വ്യവസായ വകുപ്പുമന്ത്രി പല പ്പോഴും നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന വ്യവസായ യൂണിറ്റുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും അതോടൊപ്പംതന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് വ്യവസായ സ്ഥാപനങ്ങൾ പൂട്ടുന്നു. വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കുന്നതിന് മുമ്പുതന്നെ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ മറ്റ് വിവിധ കാരണങ്ങൾകൊണ്ട് പൂട്ടിയിട്ടുണ്ട്. ആ സന്ദർഭത്തിൽ "പണ്ടേ ദുർബല, പിന്നെ ഗർഭിണി," എന്ന് പറഞ്ഞതുപോലെ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾക്കാണ് ഈ വിദ്യുച്ഛക്തി നിരക്ക് വർദ്ധനവ് ബാധകമാക്കിയിട്ടുള്ളത്. 1997 ഫെബ്രുവരി 1-ാം തീയതി വൈദ്യുതി നിരക്ക് 48 ശതമാനം വർദ്ധിപ്പിച്ചു; 1998 ഫെബ്രുവരി 1-ാം തീയതി 10 ശതമാനം വർദ്ധിപ്പിച്ചു; 1999 ഫെബ്രുവരി 1-ാം തീയതി 10 ശതമാനം വർദ്ധിപ്പിച്ചു. 1999 മേയ് 15-ാം തീയതി വീണ്ടും 40 ശതമാനം വർദ്ധിപ്പിച്ചു. കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ വ്യവസായ സംരംഭകർക്ക് കൊടുക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് 4 പ്രാവശ്യം വർദ്ധിപ്പിച്ച ഗവൺമെന്റിന്റെ നടപടികൊണ്ട് എങ്ങനെയാണ് ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നത്? എക്സ്ട്രാ ഹൈ ടെൻഷൻ, ഹൈ ടെൻഷൻ വ്യവസായങ്ങളെല്ലാം ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണെന്ന് നമുക്ക് എല്ലാവർക്കുമറിയാം. ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ വിദ്യുച്ഛക്തിനിരക്ക് വർദ്ധിപ്പിച്ചു എന്നുള്ള കാരണംകൊണ്ട് അടച്ചുപൂട്ടാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നോട്ടീസ് നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ശർമ്മ നിയമസഭയിൽ പറഞ്ഞു, ഓരോ വ്യക്തിയും ഓരോ സ്ഥാപനവും പ്രത്യേകമായി പരാതി കൊടുത്താൽ അതിനെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുമെന്ന്. അങ്ങനെ ഈ സംസ്ഥാനത്തെ ആളുകളെ മുഴുവൻ വലയ്ക്കാൻ കഴിയുകയില്ല. ഇതിൽ ക്രമമായ ഒരു കുറവ് വരുത്തിക്കൊണ്ടുമാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. ടി.സി.സി., കാർബോറാണ്ടം, ഐ.എ.എസ്.ഇ. ഇതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം മേഖലയിലെ വ്യവസായ സ്ഥാപനങ്ങളാണ്. അതുപോലെ തന്നെ മലബാർ സിമന്റ്സ്, കബറ മെറ്റൽസ് ആന്റ് മിനറൽസ്-ഈ സ്ഥാപനങ്ങളൊക്കെ ഇന്ന് അടച്ചുപൂട്ടുന്നതിന് നോട്ടീസ് കൊടുത്തിട്ടുള്ള വൻകിട വ്യവസായ യൂണിറ്റുകളിൽപ്പെട്ടവയാണ്. ചെറുകിട വ്യവസായ യൂണിറ്റുകളുടെ സ്ഥിതിയെന്താണ്? ചെറുകിട വ്യവസായ യൂണിറ്റുകൾ വളരെയധികം പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. മാർജിൻ മണി, മാർക്കറ്റിംഗ് സബ്സിഡി, ഗ്രാന്റ്, പുനരുദ്ധാരണ വായ്പ എന്നിവ നൽകി ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ആ നടപടികൾ കൊണ്ടൊന്നും ഈ ചെറുകിട വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ലെന്നുള്ളതാണ് വസ്തുത. ഈ സന്ദർഭത്തിലാണ് വിദ്യുച്ഛക്തി ചാർജിന്റെ അമിതമായ വർദ്ധനവുകൂടി വരുത്തിയിരിക്കുന്നത്. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ അസംസ്കൃതവസ്തുക്കൾ കേരളത്തിലില്ല; അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരണം. അതുപോലെതന്നെ ഉല്പന്നങ്ങളുടെ വിപണി നമ്മുടെ സംസ്ഥാനത്ത് ഇല്ല. അത് മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകണം. മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ച് മാത്രമാണ് ഈ ചെറുകിട വ്യവസായങ്ങൾ നടക്കുന്നത്. തമിഴ്നാട്ടിൽ ഒട്ടേറെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നടത്തുമ്പോൾ വ്യവസായ സംരംഭകർക്ക് പ്രയോജനം കിട്ടുന്നു. കാരണം അവിടെ കുറഞ്ഞ കൂലിയാണ്. അവർക്ക് അസംസ്കൃതവസ്തുക്കൾ അവിടെത്തന്നെ ലഭ്യമാണ്, ഒട്ടേറെ ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നു. അവിടെ വിദ്യുച്ഛക്തി ചാർജ് അല്പം കൂടുതലാണെങ്കിൽപ്പോലും മറ്റ് നിലയിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. കേരളത്തിൽ വ്യവസായ സംരംഭത്തിനുള്ള ഏക ആകർഷണ വസ്തു വിദ്യുച്ഛക്തിയാണ്. ആ വസ്തുത മനസ്സിലാക്കി നമ്മുടെ വ്യവസായ സംരംഭങ്ങൾ ലോംഗ് റണ്ണിൽ നിലനിൽക്കണമെങ്കിൽ ഗണ്യമായി വർദ്ധിപ്പിച്ച വിദ്യുച്ഛക്തി ചാർജ്ജ് കുറച്ചേ മതിയാകൂ. ഉല്പാദനച്ചെലവ് ഗണ്യമായി വർദ്ധിക്കുകയാണ്. ഉല്പാദനച്ചെലവ് ഗണ്യമായി വർദ്ധിച്ചാൽ മറ്റ് സംസ്ഥാനങ്ങളുമായി മത്സരിച്ച് ഉൽപ്പന്നങ്ങൾ വില്ക്കാൻ കഴിയാതെവരും. ആ നിലയിൽ വളരെയധികം ബുദ്ധിമുട്ടുകൾ, ചെറുകിട വ്യവസായികൾ അനുഭവിക്കുന്നുവെന്നുള്ളത് നമ്മുടെ കൺമുന്നിൽ കാണുന്ന വിഷയമാണ്. ആ ഒരു സ്ഥിതികൊണ്ട് ഈ വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെടുന്നു. അതോടൊപ്പം സാമ്പത്തിക തകർച്ചയും ഉണ്ടാകുന്നു. നമുക്കറിയാമല്ലോ നമ്മുടെ രാജ്യം പൊതുവേ സാമ്പത്തികമായി തകർന്നിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് യാതൊരു ബിസിനസുമില്ല. യാതൊരു ട്രാൻസാക്ഷനുമില്ലാത്ത സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനം മുന്നോട്ട് പോകുന്നു. (അദ്ധ്യക്ഷവേദിയിൽ ഡോ. കെ.സി. ജോസഫ്.) ആ സാഹചര്യത്തിൽ വ്യക്തമായ ഒരു കാഴ്ചപ്പാടോടുകൂടി ഈ വ്യവസായ സംരംഭകരെ, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കാൻ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി തയ്യാറായേ മതിയാകൂ. ഒരു കാര്യം കൂടി പറയട്ടെ. ആട്ടോമൊബൈൽ വർക്ഷോപ്പും എഞ്ചിനീയറിംഗ് സ്ഥാപനങ്ങളും വളരെ ചെറിയ ചെറുകിട സ്ഥാപനങ്ങളാണ്. ആ സ്ഥാപനങ്ങളിൽ പല സ്പെയർപാർട്സുകളും റീ കണ്ടിഷൻ ചെയ്ത് ഉപയോഗിക്കാൻ കഴിയും. റീ കണ്ടിഷൻ ചെയ്യുകയെന്ന് പറഞ്ഞാൽ ഇലക്ട്രിസിറ്റിയുടെ ഉപയോഗം ഗണ്യമായി കൂടും. അത് ഗണ്യമായി കൂടുമ്പോൾ അതനുസരിച്ച് ചാർജ്ജ് വർദ്ധനവും വരും. അതുകൊണ്ട് അങ്ങനെ വരുന്ന ഉൽപ്പാദനച്ചെലവ് കണക്കാക്കുമ്പോൾ സ്പെയർപാർട്സുകൾ പുതിയത് വാങ്ങുകയാണ് ലാഭം. അങ്ങനെ വരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ ഈ എഞ്ചിനീയറിംഗ് വർക്ഷോപ്പുകളും ആട്ടോമൊബൈൽ വർക്ഷോപ്പുകളുമെല്ലാം അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടാകും. ഇത് തൊഴിലി ല്ലായ്മയുണ്ടാക്കാൻ ഇടവരുത്തും. ഭീമമായ ചാർജ്ജ് വർദ്ധനവാണ്. ഫിക്സഡ് ചാർജ്ജ്മൂലം ഉപയോഗിക്കാത്ത കറന്റിനുതന്നെ പണം നൽകേ ണ്ടിവരികയാണ്. അപ്രഖ്യാപിത കറന്റ് കട്ട് ഈ ചെറുകിട വ്യവസായങ്ങൾ നേരിടുന്ന ഒരു ഗുരുതരമായ പ്രശ്നമാണ്. ഫീഡർ മാറ്റി മാറ്റിക്കൊടുത്ത് നാലും അഞ്ചും പ്രാവശ്യം ഒരു ദിവസം കട്ട് ഏർപ്പെടുത്തിക്കൊണ്ടുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ നടപടികളെപ്പറ്റി ചോദിച്ചാൽ ആർക്കും ഒരു നിശ്ചയവുമില്ല. ഈ കട്ട് എങ്ങനെ വരുന്നുവെന്നുള്ളത് ആർക്കും നിശ്ചയമി ല്ലാത്ത സ്ഥിതിയാണ്. ചോദിച്ചാൽ റിപ്പയറിംഗിനാണെന്ന് പറയും. പക്ഷെ, നാലും അഞ്ചും പ്രാവശ്യം ഫീഡറുകൾ മാറ്റിമാറ്റി ഉപഭോക്താക്കൾക്ക് ഇലക്ട്രിസിറ്റി നൽകാത്ത സാഹചര്യമാണ്. പവർകട്ട് ഏർപ്പെടുത്തുന്നത് ഒരി ക്കലും റിപ്പയറിംഗിന് അല്ല. അത് അപ്രഖ്യാപിതമായി നടത്തുന്ന കറന്റ് കട്ടിന്റെ ഭാഗമായിട്ടുമാത്രമേ കാണാൻ കഴിയൂ. വളരെയധികം ബുദ്ധിമുട്ട് ആ നിലയിൽ അനുഭവിക്കുകയാണ്. ഒരു യൂണിറ്റ് വൈദ്യുതിക്ക് 1 രൂപ 35 പൈസ ഉണ്ടായിരുന്നത് മേയ് 15-ലെ വർദ്ധനവുകൊണ്ട് 1.93 രൂപ ശരാശരിയായിരിക്കു ന്നു. അതുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. ഏതാനും വർഷങ്ങൾക്കുമുമ്പ്, 1985-86 കാലഘട്ടത്തിൽ ജലവൈദ്യുതി-താപവൈദ്യുതി എന്നിവയുടെ അനുപാതം 80:40 ആയിരുന്നു. ഇപ്പോൾ അത് 53:47 ആയി മാറു കയാണ്. താപവൈദ്യുതി പരമാവധി ഉൽപ്പാദിപ്പിച്ചുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിന് കൂടുതൽ നഷ്ടം വരുത്തുന്ന ഒരു സ്ഥിതിവിശേഷം ദീർഘവീക്ഷ ണമില്ലാത്ത നയപരമായ തീരുമാനങ്ങൾ, ഉദ്യോഗസ്ഥൻമാരുടെ വൻനിര, കെടുകാര്യസ്ഥത, പ്രസരണനഷ്ടം ഇതൊക്കെ ബോർഡിനെ ഇന്ന് പിടികൂടി യിട്ടുള്ള വലിയ വിപത്തുകളാണ്. ഇവ നേരിടാൻ ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിക്കണം. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഈ വ്യവസായങ്ങളെ സംരക്ഷിക്കാൻ ഫിക്സഡ് ചാർജ്ജും പവർകട്ടും ഇലക്ട്രിസിറ്റി ഡ്യൂട്ടിയും ഒഴിവാക്കിക്കൊടുക്കണമെന്നാണ്. കാർഷികമേഖലയിൽ ഒരുപാട് ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്ന് നമുക്കറി യാം. അതുകൊണ്ട് വ്യവസായ മേഖലയ്ക്ക് ചെറുകിട വ്യവസായങ്ങൾക്ക് സർക്കാർ സൗജന്യനിരക്ക് അനുവദിക്കാനുള്ള സാഹചര്യം ഒരുക്കണം. ആ നിലയിൽ വ്യവസായ സംരംഭകരെ രക്ഷിച്ചുകൊണ്ട് ഇപ്പോൾ വർദ്ധിപ്പിച്ച ഈ ചാർജ്ജുകൂടെ കുറച്ച് ഈ വ്യവസായങ്ങൾ നിലനിൽക്കാൻ കഴിയുന്ന ഒരു സ്ഥിതിവിശേഷം സംജാതമാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, സഭ തുടങ്ങിയ ദിവസവും ഈ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ച നടന്ന സന്ദർഭത്തിലും ആയി ഇതിനകം രണ്ടുപ്രാവശ്യം ബഹുമാന്യനായ ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച പ്രശ്നത്തിന്റെ ഉള്ളടക്കം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയതും മറുപടി വ്യക്തമാക്കിയതുമാണ്. സഭ സമ്മേളിച്ചുകൊണ്ടി രിക്കുമ്പോൾ ഒന്നിലധികം പ്രാവശ്യം ഒരേ പ്രശ്നത്തെ സംബന്ധിച്ച് വീണ്ടും വീണ്ടും ചർച്ച ചെയ്യപ്പെടുന്നത് സ്വാഭാവിക നടപടിക്രമമല്ല. ബഹുമാനപ്പെട്ട അംഗം പ്രധാനമായും പറഞ്ഞത്, ചാർജ്ജ് വർദ്ധനവിനുശേഷം നിരവധി വ്യവസായ സ്ഥാപനങ്ങൾ പൂട്ടി എന്നാണ്. ചാർജ്ജ് വർദ്ധനവിന്റെ പേരിൽ ഏതെങ്കിലും ഒരു വ്യവസായം പൂട്ടിയിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധ യിലോ ബോർഡിന്റെ ശ്രദ്ധയിലോ പെട്ടിട്ടില്ല. പിന്നെ പൂട്ടി, പൂട്ടി, കൂട്ടിയതിനു

ശേഷം പൂട്ടിയെന്ന് പറയുന്നത് ഇന്നത്തെ അന്തരീക്ഷത്തിൽ ഒരാവശ്യത്തിനു വേണ്ടിയാണെങ്കിൽ പറയാം. ഇന്നത്തെ അന്തരീക്ഷത്തിൽ സെപ്റ്റംബർ 11 ലക്ഷ്യം വച്ചുകൊണ്ട് പറയുകയെന്നുള്ളത് ഒരാവശ്യമാണെങ്കിൽ അങ്ങനെ പറഞ്ഞുകൊള്ളട്ടെ. പക്ഷെ ഇവിടെ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യപ്പെടുമ്പോൾ ചാർജ്ജ് വർദ്ധനവുണ്ടാകാൻ ഇടവന്ന സാഹചര്യം ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചാർജ്ജ് വർദ്ധനവിന്റെ പേരിൽ കേരളത്തിൽ ഏതെങ്കിലും ഒരു വ്യവസായം, ചെറുകിട വ്യവസായമോ വൻകിട വ്യവസായമോ പൂട്ടിയിട്ടില്ല. നേരത്തെ പവർ സറണ്ടർ ചെയ്തു കൊണ്ട് ഇരുപത്തിയാറോളം വ്യവസായികൾ ബോർഡിന് നോട്ടീസ് കൊടുത്തിരിക്കുന്നുവെന്ന് പറയുകയുണ്ടായി. അങ്ങനെയൊരു സംഭവമില്ല. ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുമുമ്പുതന്നെ വിവിധങ്ങളായ പ്രശ്നങ്ങൾ വച്ചുകൊണ്ട്, ഘടകങ്ങൾ വച്ചുകൊണ്ട് ചില വ്യവസായങ്ങൾ പ്രതിസന്ധിയിലേയ്ക്ക് പോയിട്ടുണ്ട്. അത് ഇറക്കുമതിനയത്തിന്റെ ഭാഗമായി വന്നിട്ടുള്ളതാണ്. ഇവിടെ പരാമർശിക്കപ്പെട്ട ടി.സി.സി. രണ്ടുമൂന്നു വർഷക്കാലമായി ഇംപോർട്ട് പോളിസിയുടെ ഭാഗമായി ഗുരുതരമായ പ്രതിസന്ധി നേരിടുന്ന സ്ഥാപനമാണ്. അപ്പോൾ ചാർജ്ജ്വർദ്ധനവിന്റെ കാരണംകൊണ്ടുമാത്രം വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നവും ഗവൺമെന്റിന്റെ മുൻപിൽ ഇല്ല. അതിന്റെ പേരിൽമാത്രം ഏതെങ്കിലും ഒരു വ്യവസായസ്ഥാപനം പൂട്ടുന്ന സാഹചര്യമുണ്ടാവുകയുമില്ല, ഇവിടെ നടന്ന ചർച്ചകളുടെയെല്ലാം അടിസ്ഥാനത്തിലാണ് എച്ച്.ടി., ഇ.എച്ച്.ടി. വ്യവസായ യൂണിറ്റുകൾക്ക് വർദ്ധനവ് 40 ശതമാനം എന്നുള്ളത് 35 ശതമാനം ആയി കുറച്ചുകൊണ്ട് ഗവൺമെന്റ് തീരുമാനമെടുത്തതും അത് ആ തീയതി മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചതും പിന്നെ ടി.ഒ.ഡി. ഏർപ്പെടുത്തിയതിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിരുന്ന പരാതികൾ പരിശോധിച്ചുകൊണ്ട്, യൂണിയനുകളുടെയും സ്ഥാപനങ്ങളുടെയുമെല്ലാം നിവേദനങ്ങൾ കണക്കിലെടുത്തുകൊണ്ട് Pro-rata അടിസ്ഥാനത്തിൽ ഇത് ആക്കുകയുണ്ടായി. ഈ ഇളവ് ഇതിനകംതന്നെ പ്രഖ്യാപിച്ചതിന്റെ ഫലമായി ബോർഡിന് കിട്ടുമെന്ന് കണക്കാക്കിയിരുന്ന 30 കോടി രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ഇതുവരെയും 100 കെ.വി.എ. ആയിരുന്നു ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുത്തിയിരുന്നത്. അത് 150 കെ.വി.എ. ആയി ഉയർത്തിയിട്ടുണ്ടെന്ന് ഇവിടെ ഡിമാന്റ് ചർച്ചയുടെ മറുപടിയിൽ ഗവൺമെന്റിനുവേണ്ടി വ്യക്തമാക്കിക്കഴിഞ്ഞു. ഇതുവരെ 100 കെ.വി.എ കഴിഞ്ഞ് 101 മുതൽ 150 വരെ കെ.വി.എ. ഉപയോഗിച്ചിരുന്ന സ്മാൾ സ്കെയിൽ യൂണിറ്റ് എച്ച്.ടി.യിൽ ആയിരുന്നു ഉൾപ്പെടുത്തിയിരുന്നത്. അത് എച്ച്.ടി. വിഭാഗത്തിൽനിന്ന് മാറ്റി എൽ.ടി. വിഭാഗത്തിലേയ്ക്ക് ആക്കിയതിന്റെ ഫലമായി 100 കെ.വി.എ. എന്നുള്ളത് 150 കെ.വി.എ. ആക്കി ഉയർത്തിയതിന്റെ ഫലമായി എച്ച്.ടി. വിഭാഗത്തിൽപ്പെട്ടിരുന്ന 150 കെ.വി.എ. വരെ ഉപയോഗിച്ചിരുന്നവർക്ക്, പൂർണ്ണമായും പ്രയോജനം കിട്ടുക എന്നുള്ളത് ചെറുകിട വ്യവസായികളെ സംബന്ധിച്ചിടത്തോളം വളരെയേറെ ആശ്വാസമുണ്ടാക്കുന്നതും യൂണിറ്റിനുതന്നെ ചാർജ്ജിന്റെ കാര്യത്തിൽ 33 പൈസയുടെ ഇളവും വ്യത്യാസവും ലഭിക്കുന്നതുമാണ്. ഇക്കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഗവൺമെന്റ് സ്വീകരിച്ച നടപടിയുടെ ഭാഗമായിട്ടാണ് ഇത് ചെറുകിട വ്യവസായികൾക്ക് ലഭിച്ചിട്ടുള്ളത്. അതുകൊണ്ട് അവിടെ ചാർജ്ജ് വർദ്ധനവ് ഏർപ്പെടുത്താൻ ഇടവന്ന സാഹചര്യവും..... ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തിക്കൊണ്ട് സ്വീകരിച്ചിട്ടുള്ള നടപടിയുടെ ഭാഗമായി താരിഫ് പരിഷ്കരണത്തിനുമുമ്പായി 199.58 പൈസയാണ് ഒരു യൂണിറ്റിന് ഉൽപ്പാദനച്ചെലവ് വന്നി

LIBRARY ARCHIVES Kerala Legislative Assembly

രുന്നത്. അതേസമയം വരവ് 144.55 പൈസ നിരക്കിലായിരുന്നു. ഒരു യൂണിറ്റിന് 55 പൈസവച്ച് നഷ്ടം സംഭവിച്ചിരിക്കുന്നു. കേരളം ഒരു ദിവസം 350 ലക്ഷം യൂണിറ്റ് ഉപയോഗിക്കുന്നു. ഇതിന്റെ ഫലമായി രണ്ടുകോടിയിലധികം രൂപയുടെ നഷ്ടം ബോർഡിന് സംഭവിക്കുന്നു. അത് താങ്ങാനുള്ള കരുത്തോ ശക്തിയോ ബോർഡിന് ഇല്ലാതെവന്ന സാഹചര്യത്തിലും പുതിയ പ്രോജക്ടുകൾ തുടങ്ങുന്നതിനും പ്രസരണ-വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനും ഉൽപ്പാദന മേഖലയിൽ ലക്ഷ്യം വച്ചിട്ടുള്ള ടാർജറ്റ് പൂർത്തീകരിക്കപ്പെടുന്നതിനും ഉൽപ്പാദനച്ചെലവ് കുറച്ചുകൊണ്ടുവരുന്നതിനും അതിന്റെ വരവുമായി ബന്ധപ്പെടുത്തിക്കൊണ്ടുവരിക എന്നതിന്റെ ഭാഗമായിട്ട് ആരും ഇഷ്ടപ്പെടുന്നതല്ലെങ്കിൽപ്പോലും അനിവാര്യമായിത്തീർന്ന ഒരു പ്രക്രിയയാണ് ചാർജ്ജ് വർദ്ധനവ് എന്ന് ഞാൻ വിശദീകരിച്ചുകഴിഞ്ഞതാണ്. ഇതൊക്കെയാണെങ്കിലും ഇപ്പോൾ 35 ശതമാനത്തിന്റെ വർദ്ധനവാണുള്ളത്; 40 ശതമാനത്തിന്റെ വർദ്ധനവില്ല. ലോ ടെൻഷൻ വ്യവസായികൾക്കുള്ള വൈദ്യുതി യൂണിറ്റ് ചാർജ്ജ് വർദ്ധനവിനുശേഷവും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അതായത് ആന്ധ്രാ, കർണ്ണാടക, തമിഴ്നാട്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളെ അപേക്ഷിച്ച്, ഇപ്പോഴും യൂണിറ്റ് ഒന്നിന് കുറഞ്ഞ നിരക്കാണ് നമ്മുടെ സംസ്ഥാനത്ത് വാങ്ങുന്നത്. ആന്ധ്രായിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 331 പൈസയും കർണ്ണാടകയിൽ ഒരു യൂണിറ്റിന് 340 പൈസയും തമിഴ്നാട്ടിൽ 378 പൈസയും. മഹാരാഷ്ട്രയിൽ 323 പൈസയുമാണ്. കേരളത്തിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 255 പൈസയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇത് കുറവാണ്. ഇക്കാര്യം പ്രത്യേകം ആശ്വാസമുള്ള ഒരു കാര്യമാണ്. അതുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട അംഗം ഉൽക്കണ്ഠപ്പെട്ടിട്ടുള്ള കാരണങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് ചെറുകിട വ്യവസായ യൂണിറ്റുകളോ വൻകിട വ്യവസായ യൂണിറ്റുകളോ പൂട്ടിയിട്ടില്ല. അദ്ദേഹം ഇവിടെ പരാമർശിച്ചത് കെ.എം.എം.എൽ. പൂട്ടാൻ നോട്ടീസ് കൊടുത്തിരിക്കുന്നുയെന്നാണ്. കേരളത്തിൽ ഇപ്പോൾ പബ്ലിക് സെക്ടറിൽ ഏറ്റവും നല്ല നിലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഒരു വ്യവസായ സ്ഥാപനമാണ് കെ.എം.എം.എൽ. അതിനാൽ ചാർജ്ജ് വർദ്ധനവിനെ അടിസ്ഥാനമാക്കി ഏതെങ്കിലും വ്യവസായം പൂട്ടാനിരിക്കുന്നു എന്നുള്ള പ്രസ്താവന രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി ഉപയോഗിക്കാമെന്നുള്ളതൊഴിച്ചാൽ വസ്തുതയുമായി അതിനൊരു ബന്ധവുമില്ല എന്നാണ് അതിനെപ്പറ്റി എനിക്ക് പറയാനുള്ളത്.

<u>ശ്രീ. പി.ജെ. ജോയി</u> : ഞാൻ ഇവിടെ പറഞ്ഞത് വ്യവസായങ്ങൾ പൂട്ടേണ്ടിവരുമെന്നാണ്. കെ.എം.എം.എൽ. പൂട്ടാൻ നോട്ടീസ് കൊടുത്തിരിക്കുന്നു. കുണ്ടറ മിനറൽസ് ആന്റ് മെറ്റൽസ് ഒരു ദീർഘ വീക്ഷണമില്ലെങ്കിൽ ചെറുകിട വ്യവസായങ്ങൾ ഒക്കെയും പൂട്ടേണ്ടിവരും എന്നാണ് പറഞ്ഞത്. അതുകൊണ്ട് ചാർജ്ജ് വർദ്ധനവിനെപ്പറ്റിയും നിരക്കുവർദ്ധനവിനെപ്പറ്റിയും നിരക്ക് വർദ്ധനവിന്റെ ഫലമായി ഉണ്ടാകുന്ന ദോഷഫലങ്ങളെപ്പറ്റിയും വിലയിരുത്തുന്നതിനായി ഒരു കമ്മിഷനെ വയ്ക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എസ്. ശർമ്മ</u> : ചാർജ്ജ് വർദ്ധനവിനെ അടിസ്ഥാനമാക്കി എന്തെങ്കിലും അനോമലിയോ കുറവോ ഉണ്ടെങ്കിൽ അത് പരിശോധിക്കാൻ ഇപ്പോൾത്തന്നെ ബോർഡിലെ അക്കൗണ്ടന്റ് മെമ്പർ കൺവീനറായി അനോമലി റെക്ടിഫൈയിംഗ് കമ്മിറ്റി ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വൈദ്യുതി ഇല്ലാത്തതിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഒറ്റ വ്യവസായംപോലും പൂട്ടേണ്ടിവരില്ല. വൈദ്യുതി ഇല്ലാത്തതിന്റെ പേരിൽ കേരളത്തിൽ ഉല്പാദന നഷ്ടം ഒരു മാസത്തിൽ അഞ്ഞൂറു കോടി രൂപ എന്ന തോതിൽ സംഭവിച്ചിട്ടുണ്ട്. വ്യവസായങ്ങൾക്ക് പവർകട്ട് ഏർപ്പെടുത്തിയതിന്റെ ഫലമായി കേരളത്തിൽ ഒരു വർഷം മൂവായിരത്തിലധികം രൂപ ഉൽപ്പാദനനഷ്ടം ഉണ്ടായിട്ടുണ്ട്. ആ കാലത്തിലേക്ക് കേരളം ഒരിക്കലും തിരിച്ചുപോകുകയില്ല. ഉല്പാദന വർദ്ധനവിന്റെ ഫലമായി വരുന്ന ചെലവിന്റെ പേരിൽ ഏതെങ്കിലും വ്യവസായസ്ഥാപനം പൂട്ടേണ്ടിവരുന്ന സാഹചര്യമുണ്ടാവുകയില്ല എന്ന് ഗവൺമെന്റിനുവേണ്ടി വ്യക്തമാക്കുന്നു.

(2) കൽമട തൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, കരിങ്കൽ ക്വാറികളിൽ പണിയെടുക്കുന്ന ഒരുലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിൽ ലൈസൻസില്ലാത്ത കരിങ്കൽക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവന് പരിരക്ഷയോ മറ്റു വ്യവസ്ഥാപിത സഹായങ്ങളോ ലഭിക്കുന്നില്ല. ആ തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ അപകടങ്ങളുണ്ടായാലോ അംഗവൈകല്യങ്ങൾ സംഭവിച്ചാലോ അവർക്കു പരിരക്ഷ നൽകുന്ന ഒരു നടപടിയും കേരളത്തിൽ ഇല്ല. കേരളത്തിൽ ലൈസൻസുള്ള ക്വാറികൾ വളരെ കുറവാണ്. ലൈസൻസില്ലാത്ത ക്വാറികളാണ് കൂടുതലുമുള്ളത്. ഒരുലക്ഷത്തിലേറെ തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. ലൈസൻസുള്ള ക്വാറികളിലെ തൊഴിലാളികളെ മാത്രമേ അംഗീകരിക്കാൻ കഴിയൂ എന്ന തീരുമാനം ഗവൺമെന്റ് കൈക്കൊള്ളേണ്ടിവരുമ്പോൾ കരിങ്കല്ലിന്റെയും മറ്റും വില ഇരട്ടിയാകും. കടൽഭിത്തി കെട്ടുന്നതിനും കായൽ നികത്തുന്നതിനും റോഡ് ടാർ ചെയ്യുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുമെല്ലാം ഉപയോഗിക്കുന്ന മുഖ്യ സാധനമായ മെറ്റലും റബിളും ഉപയോഗിക്കാതെ ഒരു നിർമ്മാണപ്രവർത്തനവും നടക്കുന്ന സ്ഥിതിവിശേഷമില്ല. പക്ഷേ ഈ രംഗത്ത് പണിയെടുക്കുന്ന ഒരുലക്ഷത്തിലേറെ തൊഴിലാളികളുടെ സ്ഥിതി എന്ത് എന്ന് പരിശോധിക്കാൻ നാം മുതിർന്നിട്ടുണ്ടോ എന്ന കാര്യം ആലോചിക്കേണ്ടതാണ്. വേണമെങ്കിൽ ഗവൺമെന്റിന് പറയാം. നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ അവരെ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ് എന്ന്. വഴിവക്കത്തു നിൽക്കുന്ന ആരെങ്കിലും വണ്ടി ഇടിച്ചു മരിച്ചാൽ, ആത്മഹത്യ ചെയ്യണമെന്ന് തീരുമാനിച്ചുകൊണ്ട് ആ ആത്മഹത്യ വണ്ടിയിടിച്ചുകൊണ്ടാകട്ടെ എന്നു തീരുമാനിച്ച് വണ്ടിയിടിച്ചു മരിച്ചാലും മോട്ടോർ ആക്സിഡന്റ് ക്ലെയിമിൽപ്പെടുത്തി ലക്ഷക്കണക്കിന് രൂപ അയാളുടെ കുടുംബത്തിനു നൽകും. എൺപതും നൂറും അടി താഴ്ചയുള്ള കരിങ്കൽ ക്വാറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾ വലിയ റബിളുകൾ തലയിൽ വന്നിടിച്ചു മരിച്ചാലോ നൂറും എൺപതും അടി താഴ്ചയുള്ള കരിങ്കൽ ക്വാറികളിൽ വടംകെട്ടി മുകളിലേയ്ക്കു കയറുമ്പോൾ വടം പൊട്ടിവീണ് മരിച്ചാലോ അവരുടെ കുടുംബത്തിനു യാതൊരു പരിരക്ഷയുമില്ല. കരിങ്കൽ ക്വാറികളിലെ വടം പൊട്ടി വീണ് എത്ര തൊഴിലാളികൾ മരിച്ചിട്ടുണ്ട് എന്നുള്ളതിന്റെ കണക്ക് ഗവൺമെന്റിന് ലഭിക്കാൻ പ്രയാസമില്ല. ഒരു പാറമടയിൽത്തന്നെ രണ്ടും മൂന്നും നാലും അഞ്ചും ആളുകൾ മരിച്ച ചരിത്രമുണ്ട്. പക്ഷേ അവർ ഇന്ന കാരണംകൊണ്ടാണ് മരിച്ചത് എന്നുപറഞ്ഞാൽ ആ ക്വാറി അടച്ചിടാനുള്ള നിയമമാണ് ഇന്ന് നമ്മുടെ രാജ്യത്തുള്ളത്. കരിങ്കൽ ക്വാറികളിൽ അപകടങ്ങളുണ്ടായി എന്നുപറയാൻ ആരും മെനക്കെടാറില്ല. കാരണം ലൈസൻസില്ലാത്ത ക്വാറിക

LIBRARY ARCHIVES Kerala Legislative Assembly